(എ) കണാട് ശുദ്ധജലവിതരണ പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഈ പദ്ധതിയുടെ ഇന്നത്തെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കണാട് ശുദ്ധജലവിതരണ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ഇല്ല. എന്നാൽ കാസർഗോഡ് ജില്ലയിലെ കളനാടിനും സമീപ ഗ്രാമങ്ങൾക്കും വേണ്ടിയുള്ള ഒരു പദ്ധതി പരിഗണനയിലുണ്ട്.

(ബി) കളനാട് ശുദ്ധജലവിതരണ പദ്ധതിയുടെ സർവേ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി ജലസ്രോതസ്സിന്റെ പര്യാപ്തതയെക്കുറിച്ചുള്ള പഠനങ്ങൾ നടത്തിവരുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ മാനവീയം

56 (3456)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള വാട്ടർ അതോറിറ്റി മാനവീയം സാംസ്ക്കാരിക മിഷനുമായി ബന്ധപ്പെട്ടു നടത്തുന്ന പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

കേരള വാട്ടർ അതോറിറ്റി മാനവീയം പരിപാടികളുടെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുള്ള വിവിധ പരിപാടികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ചേർത്തിരിക്കുന്നു.

ലേബർ അജണ്ട-2000

57 (3457)ശ്രീ. എളമരം കരീം :

ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ :

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. പി.കെ. കുമാരൻ :

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പ്രഖ്യാപിച്ച 'ലേബർ അജണ്ട 2000'' എന്ന പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ നടത്തിപ്പിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനായി ലേബർ മിഷൻ' എന്ന പേരിൽ അപ്പെക്സ് കോ-ഓർഡിനേഷൻ ബോഡി രൂപീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത ബോഡിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപ്പിലാക്കിവരുന്നു.

(ബി) (1) തൊഴിലാളികൾക്ക് ആവശ്യഘട്ടങ്ങളിൽ അനായാസമായി ചെറുകിട വായ്പ ലഭ്യമാക്കുവാനും അവരെ കടക്കെണിയിൽ നിന്നും മോചിപ്പിക്കാനും ഒരു ലേബർ ബാങ്ക് രൂപീകരിക്കുക.

2) ആഗോളവൽകൃത സമൂഹത്തിൽ തൊഴിലാളി താൽപ്പര്യം സംരക്ഷിക്കാനും പുത്തൻ സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകി തൊഴിലാളികളെ പ്രാപ്തരാക്കാനും തൊഴിൽരംഗത്ത് ഗവേഷണ പഠനങ്ങൾ നടത്താനുമായി അന്തർ ദേശീയ നിലവാരത്തിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ സ്റ്റഡീസ് ആൻഡ് മാനേജ്മെന്റ് സ്ഥാപിക്കുക. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കെ.ഐ.എൽ.ഇ) പുനഃസംഘടിപ്പിച്ചായിരിക്കും ഈ ലക്ഷ്യം കൈവരിക്കുക.

3) എല്ലാ തൊഴിലാളികൾക്കും വീട് ഉറപ്പാക്കാൻ വിവിധ ഏജൻസികളെ ഏകോപിപ്പിച്ച് പൂർണ്ണ പാർപ്പിട പദ്ധതി നടപ്പാക്കുക.

4) തൊഴിലാളികളുടെ സുരക്ഷയ്ക്കായി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക.

5) വിവിധ ക്ഷേമനിധി ബോർഡുകളെ ഏകോപിപ്പിക്കാനും അവയുടെ പ്രവർത്തനം കൂടുതൽ പ്രയോജനപ്രദമാക്കാനും ഒരു ലേബർ അതോറിറ്റി രൂപീകരിക്കുക.

6) തൊഴിലാളികളുടെ ആരോഗ്യ പരിപാലനം കൂടുതൽ കാര്യക്ഷമമാക്കാൻ സംസ്ഥാനത്ത് മാത്രമായി ഒരു ഇ.എസ്.ഐ. കോർപ്പറേഷൻ എന്ന നിർദ്ദേശം നടപ്പാക്കുക. ഇത് കേന്ദ്രകോർപ്പറേഷന്റെ സബ്സിഡിയറിയായി പ്രവർത്തിക്കുക.

7) ആഗോള ഗ്രാമത്തിന്റെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി കേരളത്തിലെ വിദഗ്ദ്ധ തൊഴിലാളികളെ മറ്റ് രാജ്യങ്ങളിലേയ്ക്ക് അയയ്ക്കാനും വിദേശരാജ്യങ്ങളിൽ സംയുക്ത മേഖലയിൽ പുതിയ സംരംഭങ്ങൾ തുടങ്ങാനും എമ്പസികളുമായി സഹകരിച്ച് ഒഡെപെക് കർമ്മ പദ്ധതി നടപ്പാക്കുക.

8) തൊഴിലാളികളുടെ മക്കൾക്ക് ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകുന്നതിനായി ഒരു ലേബർ അക്കാഡമി സ്ഥാപിക്കുക.

9) വ്യവസായ തർക്ക നിയമങ്ങളിലും ട്രേഡ് യൂണിയൻ നിയമങ്ങളിലും കാലോചിതമായ പരിഷ്ക്കാരങ്ങൾ വരുത്തുക. ഇതിനായി ഒരു ലേബർ കമ്മീഷനെ നിയമിക്കും.

10) വിവിധ വകുപ്പുകളെയും തൊഴിലാളി യൂണിയനുകളെയും സന്നദ്ധ സംഘടനകളെയും സഹകരിപ്പിച്ച് തൊഴിലാളികൾക്കിടയിൽ വിശപ്പിൽ നിന്ന് വിമോചനം (ഫ്രീഡം ഫ്രം ഹങ്കർ) പദ്ധതി നടപ്പിലാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

11) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വൈദ്യസ ഹായം നൽകാനായി ഒരു 'മെഡിക്കൽ റിലീഫ് ഫണ്ട്' സ്വരൂപിക്കുക.

12) പൂട്ടിയിട്ട തൊഴിൽശാലകളിലെ തൊഴിലാളികൾക്ക് സാമ്പ ത്തിക സഹായം നൽകാനുള്ള പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കു ക.

(സി) ഇതിന്റെ വിജയകരമായ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ ഏകീകരണത്തിനുമായി തൊഴിൽ വകുപ്പു മന്ത്രി അദ്ധ്യക്ഷനായി ഒരു ലേബർ മിഷൻ രൂപീകരിച്ചിട്ടുണ്ട്. കേരള തൊഴിലാളി ക്ഷേമനിധി ബോർഡിനെ ഇതിന്റെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) 1) ലേബർ അജണ്ട-2000 ന്റെ നടത്തിപ്പ് മേൽനോട്ടം വഹിക്കുക

2) ലേബർ അജണ്ട നടപ്പിലാക്കുക. ഏജൻസികളെ നാമനിർദ്ദേശം ചെയ്യുക

3) ലേബർ മിഷനിൽ ആവശ്യമെന്ന് കണ്ടാൽ കൂടുതൽ അംഗ ങ്ങളെ ഉൾപ്പെടുത്തുക.

4) ലേബർ അജണ്ട സംബന്ധിച്ച് തീരുമാനങ്ങളെടുക്കുകയും അത് നടപ്പിലാക്കുന്ന ഏജൻസികൾക്കും സ്ഥാപനങ്ങൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക എന്നിവയാണ് ലേബർ മിഷന്റെ ചുമത ലകൾ.

ഇന്റർമിക്സ് ഫാക്ടറി തൊഴിലാളികൾക്ക് ഇ.എസ്. ഐ. ആനുകൂല്യം

58 (3458)<u>ശ്രീ. മോൻസ് ജോസഫ്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേ ചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കീഴൂർ വില്ലേജിൽ പ്രവർത്തിക്കുന്ന ഇന്റർമിക്സ് ഫാക്ടറി തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഇതിനടുത്തുള്ള പല ഫാക്ടറികളിലേയും തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇന്റർ മിക്സ് ഫാക്ടറി തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനു കൂല്യങ്ങൾ ലഭ്യമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കീഴൂർ റവന്യൂ വില്ലേജിൽ ഇ.എസ്.ഐ. സ്കീം ഇതുവരെ നട പ്പാക്കിയിട്ടില്ല.

(സി) ഇ.എസ്.ഐ. സ്കീം നടപ്പാക്കിയിട്ടുള്ള പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് മാത്രമേ ഇ.എസ്.ഐ. ആനു

LIBRARY ARCHIVES Kerala Legislative Assembly